ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) ഇന്ത്യൻ അതിർത്തി പ്രദേശങ്ങളിൽ പാക് പ്രകോപനം തുടരുന്നു; ശക്തമായി തിരിച്ചടിച്ച് ഇന്ത്യ; അതിർത്തികളിൽ കനത്ത ജാഗ്രത.

**Pakistan continues provocation at Indian border areas; India retaliates strongly; High alert at the borders.**

2.) ജമ്മു, ചണ്ഡിഗഢ് എന്നിവിങ്ങളിലെ ബ്ലാക്ക് ഔട്ട് പിൻവലിച്ചു ; രാജ്യത്തുടനീളമുള്ള വിമാനത്താവളങ്ങൾ അടച്ചിട്ടിരിക്കുകയാണെന്ന വാർത്തകൾ തള്ളി വ്യോമയാന മന്ത്രാലയം.

**Blackouts in Jammu and Chandigarh withdrawn; The Civil Aviation Ministry dismissed reports that airports across the country have been closed.**

3.) രാജ്യ സുരക്ഷയ്ക്കെതിരായ ഏതൊരു ശ്രമത്തെയും ശക്തമായി ചെറുക്കുമെന്ന് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

**External Affairs Minister S Jaishankar has said that any attempt against the country's security will be strongly opposed.**

4.) യു എസിൽ നിന്നുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ ആഗോള കത്തോലിക്ക സഭയുടെ പുതിയ മാർപ്പാപ്പ. ലിയോ പതിനാലാമൻ എന്നറിയപ്പെടും.

American prelate Robert Francis Prevost has been elected the new Pope, becoming the first American pontiff in the history of the Catholic Church. He will take the pontifical name of Pope Leo XIV.

5.) ഈ വർഷത്തെ ഹജ്ജ് ക്യാമ്പിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും.

In Kerala Chief Minister Pinarayi Vijayan will inaugurate this year's Haj camp today.

6.) സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം ഇന്ന് പ്രഖ്യാപിക്കും.

The SSLC exam result will be declared today.

*********************************

## OPERATION SINDHOOR

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ ആരംഭിച്ച ഓപ്പറേഷൻ സിന്ദൂറിലൂടെ പാക് പ്രകോപനങ്ങൾക്കുള്ള മറുപടി ഇന്ത്യ തുടരുകയാണ്. പാകിസ്ഥാന്റെ ഭാഗത്ത് നിന്നുണ്ടായ നുഴഞ്ഞു കയറ്റ ശ്രമങ്ങൾക്കും ഡ്രോൺ, മിസൈൽ ആക്രണങ്ങൾക്കും ഇന്ത്യ ശക്തമായ തിരിച്ചടി നൽകി. പാക് അതിർത്തിയോട് ചേർന്ന് കിടക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങളിലെല്ലാം സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. സ്ഥിതിഗതികൾ കേന്ദ്ര സർക്കാർ നിരീക്ഷിച്ച് വരികയാണ്. നിലവിൽ ഇന്ത്യൻ ഭാഗത്ത് ആളപായമോ നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ജമ്മു, ചണ്ഡിഗഢ് ഉൾപ്പടെയുളള സ്ഥലങ്ങളിൽ ഇന്നലെ ബ്ലാക്ക് ഔട്ട് പ്രഖ്യാപിച്ചിരുന്നു. പുലർച്ചയോടെ ബ്ലാക്ക് ഔട്ട് പിൻവലിച്ചു. ഭീകരതയ്ക്കെതിരെയുള്ള പോരാട്ടത്തിന് യു.എസ് ഉൾപ്പെടെയുള്ള ലോക രാഷ്ട്രങ്ങൾ ഇന്ത്യക്ക് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. വീണ്ടും പാക് പ്രകോപനങ്ങൾ ഉണ്ടായാൽ ഉചിതമായ മറുപടി നൽകുമെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

*********************************

## PAK MISSILES - JAMMU

ജമ്മു കശ്മീരിലെ സത്വാരി, സാംബ, ആർ എസ് പുര, അർണിയ എന്നിവിടങ്ങളിലേക്ക് പാകിസ്ഥാൻ എട്ട് മിസൈലുകൾ വിക്ഷേപിച്ചു. എല്ലാ മിസൈലുകളും വ്യോമ പ്രതിരോധ സംവിധാനമായ എസ് 400 ഉപയോഗിച്ച് നിർവീര്യമാക്കി. ജമ്മുവിലെ ദൃശ്യങ്ങൾ ഇസ്രായേലിനെതിരായ ഹമാസ് മാതൃകയിലുള്ള ആക്രമണത്തെയാണ് ഓർമ്മിപ്പിക്കുന്നതെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. അന്താരാഷ്ട്ര അതിർത്തിക്ക് സമീപമുള്ള ജമ്മു, പഠാൻകോട്ട്, ഉദംപൂർ സൈനിക കേന്ദ്രങ്ങൾ പാകിസ്ഥാന്റെ മിസൈലുകളും ഡ്രോണുകളും ലക്ഷ്യം വെച്ചിരുന്നു. ഇന്ത്യൻ സേന ഈ ശ്രമങ്ങളെ ശക്തമായി പ്രതിരോധിച്ചു. അതെസമയം, ഇന്നലെ രാത്രി ജമ്മു കശ്മീരിലെ സാംബ ജില്ലയിൽ അന്താരാഷ്ട്ര അതിർത്തിക്ക് സമീപം നടന്ന നുഴഞ്ഞു കയറ്റ ശ്രമം ബി.എസ്.എഫ് തകർത്തു.

*****************************

## DELHI- LEAVE CANCELLED

നിലവിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ എല്ലാ ഉദ്യോഗസ്ഥരുടെയും അവധികൾ റദ്ദാക്കി ഡൽഹി സർക്കാർ. നിലവിലുള്ള സാഹചര്യത്തിൽ അടിയന്തര പ്രതികരണത്തിനുള്ള തയ്യാറെടുപ്പ് നടത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്താണ് തീരുമാനം .

*****************************

## AIR PORT CLOSED

പാകിസ്ഥാൻ നടത്തുന്ന ആക്രമണം കണക്കിലെടുത്ത്, കിഷൻഗഡ്, ഭൂന്തർ, ലുധിയാന വിമാനത്താവളങ്ങൾ അടച്ചു. നേരത്തെ, രാജസ്ഥാൻ, പഞ്ചാബ്, ജമ്മു കശ്മീർ, ചണ്ഡീഗഡ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ നിരവധി വിമാനത്താവളങ്ങളുടെ പ്രവർത്തനം നിർത്തിവച്ചിരുന്നു.

അതേസമയം, രാജ്യത്തുടനീളമുള്ള വിമാനത്താവളങ്ങൾ അടച്ചിട്ടിരിക്കുകയാണെന്ന മാധ്യമ റിപ്പോർട്ടുകൾ വ്യോമയാന മന്ത്രാലയം നിഷേധിച്ചു. 24 വിമാനത്താവളങ്ങൾ മാത്രമാണ് നിലവിൽ അടച്ചിട്ടുള്ളത്. ഡൽഹി വിമാനത്താവളത്തിൻറെ പ്രവർത്തനങ്ങൾ സാധാരണ നിലയിലാണെന്നും അധികൃതർ വ്യക്തമാക്കി.

*****************************

## FLIGHT CANCELLED

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ, ഡൽഹി വിമാനത്താവളം വഴിയുള്ള 90 വിമാന സർവീസുകൾ റദ്ദാക്കി. നേരത്തെ ജമ്മു, ശ്രീനഗർ, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഢ്, രാജ്കോട്ട് എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള വിവിധ ആഭ്യന്തര വിമാന സർവീസുകൾ ഈ മാസം 10 വരെ റദ്ദാക്കിയിരുന്നു. അതേസമയം, തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളുടെ പ്രവർത്തനങ്ങൾ സാധാരണ നിലയിലാണെന്ന് അധികൃതർ വ്യക്തമാക്കി. എന്നാൽ ചില വിമാനങ്ങൾ റദ്ദാക്കിയിട്ടുള്ളതിനാൽ യാത്രക്കാർ അതത് വിമാന കമ്പനികളുമായി ബന്ധപ്പെട്ടണമെന്നും നിർദേശമുണ്ട്.

*****************************

## SCHOOL CLOSED

അതിർത്തിമേഖലകളിൽ ആക്രമണം ശക്തമായ സാഹചര്യത്തിൽ ചണ്ഡിഗഢിലും ലേയിലും സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇന്നും നാളെയും അടച്ചിടാൻ അധികൃതർ നിർദേശം നൽകി. പഞ്ചാബ് സർവകലാശാല ഇന്ന് മുതൽ തിങ്കളാഴ്ച വരെ നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. ഹിമാചൽ പ്രദേശിലെ ഉന ജില്ലയിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് അടച്ചിടാൻ നിർദേശമുണ്ട്.

*****************************

## VIKRAM MISRI… (INTRO)

പാകിസ്ഥാന്റെ ഭാഗത്തു നിന്നും എന്തു നടപടിയുണ്ടായാലും ഉചിതമായ മറുപടി നൽകുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. ആഗോളതലത്തിൽ ഭീകരതയുടെ കേന്ദ്രമായാണ് പാകിസ്ഥാൻ അറിയപ്പെടുന്നത്. പഹൽഗാം ആക്രമണത്തിൻറെ ഉത്തരവാദിത്തം ടി ആർ എഫ് ഏറ്റെടുത്തിട്ടും ഐക്യരാഷ്ട്ര സഭാ സുരക്ഷാ സമിതിയിൽ ടി ആർ എഫിൻറെ പേര് ഉന്നയിച്ചതിനെ പാകിസ്ഥാൻ എതിർത്തെന്നും വിക്രം മിശ്രി ചൂണ്ടിക്കാട്ടി.

(VOICE)

******************************

## JAISHANKAR – CONVERSATION

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി സംഭാഷണം നടത്തി. രാജ്യ സുരക്ഷയ്ക്കെതിരായ ഏതൊരു ശ്രമത്തെയും ശക്തമായി ചെറുക്കുമെന്ന് സമൂഹമാധ്യമ പോസ്റ്റിൽ അദ്ദേഹം കുറിച്ചു. തീവ്രവാദത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യയുമായി പ്രവർത്തിക്കാനുള്ള യുഎസ് പ്രതിബദ്ധതയെ അദ്ദേഹം അഭിനന്ദിച്ചു. ഇറ്റാലിയൻ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ അൻറോണിയോ തജാനിയുമായും അദ്ദേഹം ടെലിഫോണിലൂടെ സംസാരിച്ചു.

******************************

## INDIA-PAK FAKE NEWS

പഞ്ചാബിലെ പത്താൻകോട്ടിലും ജമ്മുകശ്മീരിലെ രജൗരിയിലും ഭീകരർ ചാവേർ ആക്രമണം നടത്തിയെന്ന തരത്തിൽ വരുന്ന വാർത്തകൾ വ്യാജമാണെന്ന് പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. പാകിസ്ഥാനിലോ ഇന്ത്യയിലോ നിലവിൽ ടാങ്കുകളുടെ ചലനം ഉണ്ടായിട്ടില്ലെന്നും അധികൃതർ വ്യക്തമാക്കി.

******************************

**BREAK**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

(BREAK)

*****************************

**NEW POPE ELECTED (INTRO)**

വലിയ ഇടയനെ തിരഞ്ഞെടുത്ത് കത്തോലിക്കാ സഭ. അമേരിക്കയിൽ നിന്നുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ പുതിയ പോപ്പായി തിരഞ്ഞെടുക്കപ്പെട്ടു. പോപ്പ് ലിയോ പതിനാലാമൻ എന്ന പോന്തിഫിക്കൽ പേര് അദ്ദേഹം സ്വീകരിച്ചു. **വിശദാംശങ്ങളിലേയ്ക്ക്.....**

(വോയ്സ്)

**NEW POPE ELECTED.. .. VOICE**

യു എസിൽ നിന്നുള്ള ആദ്യ മാർപ്പാപ്പയാണ് പോപ്പ് ലിയോ പതിനാലാമൻ. ഷിക്കാഗോയിൽ ജനിച്ച 69 കാരനായ പ്രെവോസ്റ്റ, അഗസ്റ്റീനിയൻ സഭയിലെ അംഗമാണ്. മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം വത്തിക്കാനിൽ വിശ്വാസി സമൂഹത്തെ അഭിസംബോധന ചെയ്ത അദ്ദേഹം സമാധാന സന്ദേശം നൽകി. സിസ്റ്റൈൻ ചാപ്പലിൽ നടന്ന 133 കർദ്ദിനാൾമാരുടെ കോൺക്ലേവാണ് റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ എന്ന പോപ്പ് ലിയോ പതിനാലാമനെ കത്തോലിക്കാ സഭയുടെ തലവനായി തിരഞ്ഞെടുത്തത്. **ന്യൂസ് ഡസ്ക്, ആകാശവാണി........**

*****************************

**HAJJ.. INTRO**

ഈ വർഷത്തെ ഹജ്ജ് ക്യാമ്പിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിൽ നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

*****************************

## SSLC RESULT

സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം ഇന്ന് പ്രഖ്യാപിക്കും. **നാല് ലക്ഷത്തി 27,021** വിദ്യാർഥികളാണ് ഇത്തവണ എസ്എസ്എൽസി പരീക്ഷയെഴുതിയത്. 72 കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിലാണ് ഇക്കുറി മൂല്യനിർണയം നടന്നത്.

*****************************

## OBIT

ആകാശവാണി മുൻ ടോപ്പ് ഗ്രേഡ് വീണാ ആർട്ടിസ്റ്റ് ഗോമതി ചിദംബരം അന്തരിച്ചു. 84 വയസ്സായിരുന്നു. സംസ്കാരം ഇന്ന് വൈകിട്ട് നാല് മണിക്ക് കരമന ഗ്രാമസമുദായം രുദ്രഭൂമി ശ്മശാനത്തിൽ നടക്കും.

*****************************

## KERALA – HEALTH MINISTER

പെരിന്തൽമണ്ണയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ച 42 വയസ്സുകാരിക്ക് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ മലപ്പുറം ജില്ലയിലാകെ എല്ലാവരും മാസ്ക് ധരിക്കണമെന്നും സാനിറ്റൈസറുകൾ ഉപയോഗിക്കണമെന്നും ആരോഗ്യമന്ത്രി വീണാ ജോർജ് നിർദേശിച്ചു. ആരോഗ്യമന്ത്രി ഇന്നലെ മലപ്പുറത്ത് ഉദ്യോഗസ്ഥരുമായി അടിയന്തര യോഗം ചേർന്നിരുന്നു. വൈറസിന്റെ ഉറവിടം കണ്ടെത്താൻ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

*****************************

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസും പഞ്ചാബ് കിംഗ്സും തമ്മിലുള്ള ഇന്നലത്തെ മത്സരം ഉപേക്ഷിച്ചു. ഹിമാചൽപ്രദേശിലെ ധരംശാലയിൽ നടന്ന മത്സരമാണ് ഉപേക്ഷിച്ചത്. ഞായറാഴ്ച ധർമ്മശാലയിൽ നടക്കേണ്ടിയിരുന്ന പഞ്ചാബ് കിംഗ്സും മുംബൈ ഇന്ത്യൻസും തമ്മിലുള്ള മത്സരം അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലേക്ക് മാറ്റി. അതിർത്തിയിൽ നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്താണ് വേദി മാറ്റമെന്ന് ബിസിസിഐ അറിയിച്ചു.

*****************************

## RBI FPIS INVEST

വിദേശ നിക്ഷേപകർക്കുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. എഫ്.പി.ഐകൾ ഇനി ഹ്രസ്വകാല നിക്ഷേപ പരിധികൾ പാലിക്കേണ്ടതില്ലെന്ന് ആർബിഐ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ അറിയിച്ചു. വിദേശ നിക്ഷേപകർക്ക്, നിക്ഷേപം കൂടുതൽ എളുപ്പമാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് തീരുമാനമെന്ന് ആർ ബി ഐ വ്യക്തമാക്കി.

*****************************

## WOMENS CRICKET

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റ് ഫൈനലിൽ ഇന്ത്യ- ശ്രീലങ്കയെ നേരിടും. ഞായറാഴ്ചയാണ് ഫൈനൽ.

*****************************

## KHELO INDIA

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ 21 സ്വർണ്ണവും 18 വെള്ളിയും ഉൾപ്പെടെ 55 മെഡലുകളുമായി മഹാരാഷ്ട്ര മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു. 11 സ്വർണ്ണവുമായി രാജസ്ഥാൻ രണ്ടാം സ്ഥാനത്തും 10 സ്വർണ്ണവുമായി കർണാടക മൂന്നാം സ്ഥാനത്തുമാണ്. കബഡി ഫൈനലിൽ ഹരിയാന വനിത - പുരുഷ ടീമുകൾ സ്വർണം നേടി.